STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.21/PR/SPMC/PHQ/2024 Date:01.03.2024

# അന്താരാഷ്ട്ര വനിതാദിനം: ശനിയും ഞായറും തിരുവനന്തപുരത്ത് സൗജന്യ സ്വയംപ്രതിരോധ പരിശീലന പരിപാടി

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ മാർച്ച് രണ്ട്, മൂന്ന് (ശനി, ഞായർ) തീയതികളിൽ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി സ്വയംപ്രതിരോധ പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. പോലീസിലെ വനിതാഉദ്യോഗസ്ഥരാണ് സൗജന്യമായി പരിശീലനം നൽകുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തും പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. ഫോൺ: 8589050227, 9495034243

കേരളത്തിലെ 20 പോലീസ് ജില്ലകളിലും സൗജന്യമായി നൽകുന്ന പരിശീലനത്തിന് ജ്വാല 2.0 എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. രണ്ട് ദിവസവും രാവിലെ ഒൻപത് മണി, 11 മണി, ഉച്ചയ്ക്ക് ശേഷം രണ്ട് മണി, നാലു മണി എന്നിങ്ങനെ നാലു ബാച്ചുകളിലാണ് പരിശീലനം. പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് tinyurl.com/jwala2 എന്ന വിലാസത്തിൽ പേര് രജിസ്റ്റർ ചെയ്യാം. അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കഴിഞ്ഞ വർഷവും കേരള പോലീസ് ഇത്തരം പരിപാടി സംഘടിപ്പിച്ചിരുന്നു.

വിവിധ ജില്ലകളിലെ പരിശീലനകേന്ദ്രങ്ങൾ സംബന്ധിച്ച വിവരങ്ങൾക്ക് 04712318188 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

***************************